LIBRARY ARCHIVES Kerala Legislative Assembly

ആസ്തി വികസന പദ്ധതി

139(2780) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ്സുകൾ വാങ്ങുന്നതടക്കമുള്ള ജോലികൾക്ക് ഭരണാനുമതി നൽകുമ്പോൾ അതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തി നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ബന്ധപ്പെട്ട വകുപ്പുകൾ പ്രസ്തുത തുക ലഭിക്കാതെയും ടെണ്ടറുകൾ ചെയ്യാനാവാതെയും ബസ്സുകളടക്കമുള്ളത് വാങ്ങാനാകാതെയും വിഷമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ;

(ബി) ചേർത്തല മണ്ഡലത്തിലെ കോനാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ, പട്ടണക്കാട് എസ്.സി.യു. ഗവ. വി.എച്ച്.എസ്സ്.എസ്സ്, വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലേയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് ഇനിയും ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; ഇപ്രകാരം തുക കൈമാറ്റം ചെയ്യാത്തതുമൂലം സ്കൂളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിയിൻകീഴിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുമ്പോൾ ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ഇതുകാരണം തുക ലഭിക്കാതെയും, ടെണ്ടർ ക്ഷണിക്കാനാവാത്തതായും, ബസ്സുകൾ വാങ്ങാൻ കഴിയാത്തതുമായ സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചേർത്തല മണ്ഡലത്തിലെ കോനാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ, പട്ടണക്കാട് എസ്.സി.യു. ഗവ. വി.എച്ച്.എസ്സ്.എസ്സ്., വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, വയലാർ എന്നീ സ്കൂളുകളിലേക്ക് ബസ് വാങ്ങുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ 15-2-2016-ൽ ലഭിക്കുകയും, ആയത് തുക അനുവദിക്കുന്നതിനായി സർക്കാർ പരിശോധിച്ച് വരികയുമാണ്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.